## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 777** **29/09/2016 ൽ മറുപടി**

## <u>പാഠപുസ്തക വിതരണത്തിലെ കാലതാമസം</u>

| <u>ചോദ്യം</u> | | | <u>ഉത്തരം</u> |
|---|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ഷാഫി പറമ്പിൽ | | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സർക്കാർ സ്കൂളുകളിൽ പാഠപുസ്തക വിതരണം വൈകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പാഠപുസ്തകം കൃത്യസമയത്ത് വിതരണം ചെയ്യാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (ബി) | പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ല എന്ന പരാതി ചില സ്കൂളുകളിൽ നിന്നും വിദ്യാഭ്യാസ ഉപ ഡയറക്ടർ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ലഭിച്ചപ്പോൾ അവ പരിശോധിക്കുകയുണ്ടായി. ഇതിൽ ചില സ്കൂളുകൾ യഥാസമയം ഇൻഡന്റ് ചെയ്തിരുന്നില്ലായെന്നും, മറ്റ് ചില സ്കൂളുകൾ ഇൻഡന്റ് ചെയ്തതിലും കൂടുതൽ പുസ്തകങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇൻഡന്റ് പ്രകാരമാണ് പുസ്തകങ്ങൾ അച്ചടിച്ചത് എന്നതിനാൽ ഇൻഡന്റിൽ കൂടുതൽ പുസ്തകങ്ങൾ ആവശ്യമായി വന്നിട്ടുള്ളത് നൽകാൻ കഴിയുകയില്ല. |
| (സി) | പാഠപുസ്തകം കൃത്യസമയത്തു വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഒന്നാം വാല്യം പുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം വാല്യം പുസ്തക വിതരണം കൃത്യസമയത്ത് തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-മോണിട്ടറിംഗ് സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ